പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7534 — 14.07.2014- ൽ മറുപടിക്ക്

## ബാലമന്ദിരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

ചോദ്യം
ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാലമന്ദിരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ജില്ലാ ആഫീസുകളിൽ നിന്നും ശുപാർശകൾ ലഭിച്ചിട്ടുണ്ടോ; | (എ) | ജില്ലാ ഓഫീസുകളിൽ നിന്നുള്ള അപേക്ഷകൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടികൾക്കുള്ള ക്ഷേമസ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 22 പ്രൊപ്പോസലുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ വിവിധ ബാലമന്ദിരങ്ങളിൽ നിന്നും സമർപ്പിച്ച 8 പ്രൊപ്പോസലുകളിൽ 4 എണ്ണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ അന്തേവാസികളുടെ വർദ്ധനവനുസരിച്ച് മെച്ചപ്പെടുത്തുവാൻ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ; | (സി) | ബാലനീതി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള 78 ക്ഷേമ സ്ഥാപനങ്ങളുടെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങൾക്ക് 2014-15 സാമ്പത്തിക വർഷത്തിൽ 710 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ഡി) | അന്തേവാസികളുടെ വർദ്ധനവനുസരിച്ച് സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ